മംഗളം

04 May 2017

# കടലിൽ മത്സ്യബന്ധനം നടത്തുന്ന ദമ്പതികളെ സി.എം.എഫ്.ആർ.ഐ. ആദരിക്കും

കടൽ മത്സ്യബന്ധനം ഉപജീവന മാർഗമാക്കിയ ദമ്പതികളെ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം ആദരിക്കുന്നു.

വിവാഹം കഴിഞ്ഞത് മുതൽ ഒരുമിച്ച് കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്ന തൃശൂർ ജില്ലയിലെ ചേറ്റുവക്കടുത്ത് കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് വീട്ടിൽ കെ.വി. കാർത്തികേയനെയും ഭാര്യ കെ.സി. രേഖയെയുമാണ് ആദരിക്കുന്നത്.

നാളെ രാവിലെ 10.30 ന് സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന മത്സ്യത്തൊഴിലാളി സംഗമത്തിൽ കേന്ദ്ര മന്ത്രി സുദർശൻ ഭഗത് ഇരുവരെയും പൊന്നാട അണിയിക്കും. സി.എം.എഫ്.ആർ.ഐയുടെ ഒരുവർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പരിപാടി.



▪ ഒരുമിച്ച് കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്ന തൃശൂർ ജില്ലയിലെ ചേറ്റുവക്കടുത്ത് കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് വീട്ടിൽ കെ.വി. കാർത്തികേയനും ഭാര്യ കെ.സി. രേഖയും മത്സ്യബന്ധന ബോട്ടിനൊപ്പം.

കടലിൽ ബോട്ട് ഉപയോഗിച്ച് മീൻപിടിത്തം നടത്തുന്ന ഇന്ത്യയിലെ ആദ്യ വനിതയാണ് രേഖ. ദമ്പതികൾ ഒരുമിച്ച് കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്നത് ലോകത്തിൽതന്നെ അപൂർവ സംഭവമാണ്.

കായൽ മത്സ്യബന്ധനത്തിൽ സ്ത്രീകളുടെ സാന്നിധ്യം നിലവിലുണ്ടെങ്കിലും കടലിൽ മീൻ പിടിക്കാൻ സ്ത്രീകൾ പോകുന്നതായി ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന വരുമാനം കൊണ്ടാണ് ഈ ദമ്പതികൾ കുട്ടികളുടെ പഠനം നടത്തുന്നതും മറ്റ് ചിലവുകൾ വഹിക്കുന്നതും. നാല് പെൺമക്കളിൽ മൂത്തയാൾ പ്ലസ്ടുവിന് പഠിക്കുകയാണ്. ഇരുവരെയും ആദരിക്കുന്നതിന്റെ ഭാഗമായി, കടലിൽ കൂടുമത്സ്യ കൃഷി നടത്തുന്നതിനുള്ള എല്ലാ സഹായവും സി.എം.എഫ്.ആർ.ഐ. നൽകുന്നുണ്ട്. കൂടുകൃഷി നടത്തുന്നതിനുള്ള കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങൾ നാളത്തെ ചടങ്ങിൽ കേന്ദ്രമന്ത്രി ഇവർക്ക് സമ്മാനിക്കും. കൃഷി നടത്തുന്നതിനുള്ള കൂട്, അനുബന്ധ സംവിധാനങ്ങൾ, മത്സ്യത്തീറ്റ എന്നിവ സി.എം.എഫ്.ആർ.ഐ. ഇതിനകം കൈമാറിയിട്ടുണ്ട്.